ഉത്തരം

(എ&ബി) 2003-2004-ലെ അബ്കാരി നയമനുസരിച്ച കെ. റ്റി. ഡി. സി.-ക്ക് വൈൻ/ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് പുതിയ വൈൻ/ബിയർ പാലർറുകൾ അർഹതയുടെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന ടൂറിസം കേന്ദ്രങ്ങളിലും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടതായി കാണുന്നില്ല.

ഗുണമേന്മയുള്ള കള്ള് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടി

35 (4074) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കള്ളിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര തെങ്ങുകൾ ചെത്തുന്നതിനാണ് തൊഴിലാളികൾക്ക് നിയമപരമായി അനുമതി കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തെങ്ങുകൾ കൂട്ടമായി എടുത്ത് തോപ്പുകൾ ഒന്നിച്ച് ചെത്തുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇതിനായി ട്രീ ടാക്സ് (വൃക്ഷക്കരം) അടച്ച് ചെത്തുന്നതിന് അനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കള്ളിലെ ആൾക്കഹോൾ അംശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇതിന്റെ പരിശോധന എന്നാണ് നടത്തിയിട്ടുള്ളത് ; പരിശോധനയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഇ) കള്ളിലെ പോഷകാഹാരത്തിന്റെ അളവും നല്ല ഭക്ഷ്യപാനീയവും ആണെന്നത് കണക്കിലെടുത്തും കള്ളിനെ മദ്യത്തിന്റെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ജി) നല്ല കള്ള് ഉല്പാദിപ്പിക്കുന്നതിനും, ഗുണമേന്മയുള്ള കലർപ്പില്ലാത്ത കള്ള് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2002-2003 വർഷത്തിൽ 23,78,24,086 ലിറ്റർ കള്ള് ഉല്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് തെങ്ങുകൾ ചെത്തുന്നതിന് ലൈസൻസ് നല്കുന്നത് 6 മാസം വീതമുള്ള രണ്ട് തവണകളായിട്ടാണ്. ഈ വർഷം 1-ാം അർദ്ധ വർഷം മേയ് മാസം വരെ 2,31,016 തെങ്ങുകൾ ലൈസൻസ് നല്കി ചെത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ തെങ്ങുകൾ കൂട്ടമായി എടുത്ത് ചെത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ചിറ്റൂർ റേഞ്ചിൽ ഇത്തരത്തിൽ വൃക്ഷത്തോട്ടങ്ങൾ എടുത്ത് തെങ്ങുകൾ കൂട്ടമായി ചെത്തി വരുന്നുണ്ട്.

(ഡി) എക്സൈസ് മാനുവൽ പ്രകാരവും, കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ, 2002-ലെ റൂൾ 9 (2) പ്രകാരവും കള്ളിൽ അനുവദനീയമായ ആൾക്കഹോളിന്റെ അളവ് 8.1 v/v വരെ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) പരിഗണനയിലില്ല.

(ജി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

മഞ്ചേശ്വരം ചെക്ക്പോസ്റ്റുകളിൽ നിന്ന് എക്സൈസ് അധികൃതർ പിടികൂടിയ അനധികൃത വിദേശ മദ്യത്തിന്റെ അളവ്

36 (4075) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷക്കാലം കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളിൽ നിന്ന് എക്സൈസ് അധികൃതർ പിടികൂടിയ അനധികൃത വിദേശമദ്യത്തിന്റെ അളവ് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) കേരളത്തിനു പുറത്തുനിന്നും അനധികൃത വിദേശ മദ്യത്തിന്റെ വരവ് തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1-4-2001 മുതൽ 31-3-2003 വരെ എക്സൈസ് വകുപ്പ് 14708.700 ലിറ്റർ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം പിടികൂടിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് 7 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചു വാഹന പരിശോധന കർശനമാക്കിയതിനുപുറമേ പ്രധാനപ്പെട്ട റോഡുകളിലും, സംശയാസ്പദമായ സ്ഥലങ്ങളിലും, അതിർത്തി പ്രദേശങ്ങളിലും, രാപകൽ ഭേദമെന്യേ വാഹന പരിശോധന കർശനമായി നടത്തി വരുന്നുണ്ട്.

എക്സൈസ് വകുപ്പിലെ തസ്തികകൾ

37 (4076) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എക്സൈസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly